ലേഖനം

# പൊതുതെരഞ്ഞെടുപ്പിലെ മുസ്‌ലിം പ്രതിനിധാനങ്ങൾ

**സയ്യിദ് ശഹാബുദ്ദീൻ**


സയ്യിദ് ശഹാബുദ്ദീൻ

അറിയപ്പെടുന്ന രാഷ്ട്രീയ നേതാവും പത്രപ്രവർത്തകനും അക്കാദമിഷ്യനുമായ സയ്യിദ് ശഹാബുദ്ദീൻ 1979-1986 കാലത്ത് മൂന്നു തവണ പാർലമെന്റ് മെമ്പറായിരുന്നു. യൂനിവേഴ്സിറ്റി അധ്യാപകനായിരുന്ന അദ്ദേഹം ഇന്ത്യയുടെ അംബാസഡറായും വിദേശകാര്യവകുപ്പിലെ ജോയിന്റ് സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. ഇന്ത്യയിലെ മുസ്‌ലിം നേതാക്കളിൽ പ്രമുഖനായ അദ്ദേഹം *മുസ്‌ലിം ഇന്ത്യ* എന്ന ഗവേഷണ മാസികയുടെ എഡിറ്ററാണ്.
Email: info@syedshahabuddin.com
www.syedshahabuddin.com

**2009-ലെ** ലോക്സഭാ തെരഞ്ഞെടുപ്പിന് അരങ്ങുണർന്നു കഴിഞ്ഞു. പക്ഷേ മുസ്‌ലിം സമൂഹം ഇതിനെ മാനസികമായോ തന്ത്രപരമായോ നേരിടാൻ ഇതുവരെ തയാറെടുത്തിട്ടില്ല.

2009-ലെ കണക്കനുസരിച്ച് 1,250 മില്യൻ ഇന്ത്യൻ ജനസംഖ്യയിൽ 165 മില്യൻ മുസ്‌ലിംകളാണുള്ളത്. അതായത് 13.7 ശതമാനം. ഇന്ത്യയൊട്ടാകെ പരന്ന് കിടക്കുന്ന മുസ്‌ലിം സമൂഹത്തിൽ പക്ഷേ 96.5 ശതമാനവും താമസിക്കുന്നത് 15 സ്റ്റേറ്റുകളിലായാണ്. ആനുപാതികമായി 543 ലോക്സഭാ സീറ്റിൽ 74 സീറ്റുകൾ അവകാശപ്പെടാം; എന്നാൽ ഇപ്പോഴുള്ളത് വെറും 37 സീറ്റും. ഭൂരിപക്ഷമുള്ള കശ്മീരിൽ പോലും 25 ശതമാനം സീറ്റുനഷ്ടം സംഭവിക്കുമ്പോൾ മറ്റു സംസ്ഥാനങ്ങളിലത് 100 ശതമാനത്തോളമാണ്. പാർലമെന്റിലെ പ്രാതിനിധ്യക്കുറവ് 1951-ലെ ആദ്യ തെരഞ്ഞെടുപ്പ് മുതൽ ആരംഭിച്ചതാണ്. ഭാവിയിലും അത് തുടരും. ഒരു പക്ഷേ ഇനിയും കുറയുമെന്ന് പ്രതീക്ഷിക്കാനേ വഴിയുള്ളൂ.

ഇതെല്ലാം 20 ശതമാനത്തിൽ കൂടുതൽ മുസ്‌ലിം സമ്മതിദായകർ ഉള്ള മണ്ഡലങ്ങളിൽ തങ്ങളുടെ സമ്മതിദാനം എത്രത്തോളം ബുദ്ധിപൂർവം വിനിയോഗിക്കുന്നു. എന്നതിനെ ആശ്രയിച്ചിരിക്കുന്നു; ഇവിടെയെല്ലാം മുസ്‌ലിം വോട്ട് വിവിധ പാർട്ടികൾക്കായി വിഭജിച്ച് പോവുകയാണ് പതിവ്.

അനൈക്യവും പൊതുവായ രാഷ്ട്രീയ അജണ്ടകളുടെ അഭാവവും കാരണം ഓരോ മണ്ഡലത്തിലും മുസ്‌ലിം വോട്ടുകൾ വിഭജിക്കപ്പെടും.

### ദേശീയ രാഷ്ട്രീയം

ഇന്ത്യയിലെ ഏറ്റവും വലിയ സംസ്ഥാനമായ യു.പിയിലെ പ്രധാന കക്ഷിയായ ബി.എസ്.പിയുടെ നേതാവ് മായാവതി, യു.പി.എക്കും ബി.ജെ.പിക്കും ഇടത് പാർട്ടികൾക്കും മന്ത്രിസഭ രൂപീകരിക്കാനാവശ്യമായ 272 സീറ്റുകൾ ലഭിച്ചില്ലെങ്കിൽ പൊതുസമ്മത സ്ഥാനാർഥിയായി പ്രധാനമന്ത്രിപദം സ്വപ്നം കാണുന്നു. കോൺഗ്രസ്സിൽതന്നെ മൻമോഹൻ സിംഗിന് പുറമെ രാഹുൽ ഗാന്ധിയോ

**നിർഭാഗ്യവശാൽ, നിർണായക തീരുമാനങ്ങളെടുക്കാൻ കഴിയുന്ന ഐക്യശക്തിയായി മുസ്‌ലിംകളെ ഒരു പാർട്ടിയും കരുതുന്നില്ല. മുസ്‌ലിംകൾക്ക് മൊത്തമായൊരു പാർട്ടിയോ യാദവർക്കും ചമാറുകൾക്കും മറാത്തികൾക്കും ദലിതർക്കുമുള്ളതുപോലെ മതേതര പ്രതിഛായയുള്ള പാർട്ടിയോ ഇല്ല. ബി.ജെ.പി വരെ ഭാഗികമായി വോട്ട് ആഗ്രഹിക്കുന്ന ഒരു വിഭാഗത്തിന് അവരുടെ ആവശ്യങ്ങൾ സാധിക്കാനും പ്രശ്നങ്ങൾ പരിഹരിക്കാനും അധികാരത്തിലെത്തുന്ന ഒരു പാർട്ടിയുടെ മേലും സമ്മർദം ചെലുത്താൻ കഴിയുന്നില്ലെന്നത് ദുഃഖകരമാണ്.**



**ദേശീയ പ്രശ്നങ്ങളിൽ മുസ്‌ലിം ജനസമൂഹം പ്രതികരിക്കാറില്ലെന്നത് വസ്തുതയാണ്; അതേസമയം മുസ്‌ലിംകൾക്കെതിരെയുള്ള അപവാദ പ്രചാരണങ്ങളോടും അന്തർദേശീയ ഇസ്‌ലാമിക സമൂഹത്തിന് നേരെയുള്ള അതിക്രമങ്ങളോടും വൈകാരിമായി തന്നെ പ്രതികരിക്കുകയും ചെയ്യുന്നു. വോട്ടനുപാദത്തിനനുസരിച്ച് മണ്ഡലം, യോഗ്യത എന്നിവ ഗൗരവപൂർവം പരിശോധിച്ച് മുസ്‌ലിംകൾ സ്ഥാനാർഥികളെ നിശ്ചയിക്കുക, ഇവരെ പിന്തുണക്കൽ മുസ്‌ലിം വോട്ട് ആവശ്യമുള്ള മതേതര പാർട്ടികൾക്കുള്ള ലിറ്റ്മസ് ടെസ്റ്റായി നൽക്കുക, അപകർഷതാബോധത്തിന്റെ പഴയ ഏടുകൾ ചരിത്രഭാഗമാവട്ടെ.**

മറ്റാരെങ്കിലുമോ എന്നതിൽ അനിശ്ചിതത്വമുണ്ട്. ബി.ജെ.പി അദ്വാനിയെ പ്രധാനമന്ത്രി സ്ഥാനാർഥിയായി ഉയർത്തിക്കാട്ടുന്നു. ഇടതുപക്ഷം നേതൃത്വം കൊടുക്കാനുദ്ദേശിക്കുന്ന മൂന്നാം മുന്നണിയും വ്യക്തിതാൽപര്യങ്ങളിൽനിന്ന് മുക്തമല്ല. പവാർ (എൻ.സി.പി), മുലായം സിംഗ് (എസ്.പി), ചന്ദ്രബാബു നായിഡു (ടി.ഡി.പി), ദേവഗൗഡ (ജെ.ഡി.എസ്), ജയലളിത (എ.ഐ.എ.ഡി.എം.കെ), ഇതൊരു ചുരുക്കപ്പട്ടികയാണ്. ഈ ലിസ്റ്റ് ആരെ ദൽഹിയിലേക്ക് അയക്കുമെന്ന കാര്യത്തിൽ മുസ്‌ലിം മനസ്സിൽ ചിന്താക്കുഴപ്പം സൃഷ്ടിക്കുന്നു.

ഇന്ത്യയിൽ ഒരു ദേശീയ പാർട്ടി ഇപ്പോൾ നിലവിലില്ല. കാരണം ജനാധിപത്യത്തിന്റെ 60 വർഷം ദ്വികക്ഷി സമ്പ്രദായം പ്രയോഗതലത്തിൽ പരാജയപ്പെട്ടിരിക്കുന്നതായി തെളിയിച്ചിരിക്കുന്നു. താരതമ്യേന വലിയ കക്ഷികളായ ബി.ജെ.പിയും കോൺഗ്രസ്സും എല്ലാ സംസ്ഥാനങ്ങളിലും നിർണായക സാന്നിധ്യമല്ല. എല്ലാ വിഭാഗം ജനങ്ങൾക്കുമിടയിൽ സ്വീകാര്യതയും ഇവർക്കില്ല. നിർഭാഗ്യവശാൽ നിർണായക തീരുമാനങ്ങളെടുക്കാൻ കഴിയുന്ന ഐക്യശക്തിയായി മുസ്‌ലിംകളെ ഒരു പാർട്ടിയും കരുതുന്നില്ല. മുസ്‌ലിംകൾക്ക് മൊത്തമായൊരു പാർട്ടിയോ യാദവർക്കും ചമാറുകൾക്കും മറാത്തികൾക്കും ദലിതർക്കുമുള്ളതുപോലെ മതേതര പ്രതിഛായയുള്ള പാർട്ടിയോ ഇല്ല.

20 ശതമാനത്തോളം മുസ്‌ലിം സമ്മതിദായകർ ഉള്ള 140 മണ്ഡലങ്ങളുണ്ട്. ഇതിൽ 19 എണ്ണത്തിൽ ഏറ്റവും വലിയ വിഭാഗം മുസ്‌ലിംകളാണ്. 28 മണ്ഡലങ്ങളിൽ 30 ശതമാനം വോട്ടുണ്ട് മുസ്‌ലിംകൾക്ക്. ബി.ജെ.പി വരെ ഭാഗികമായി വോട്ട് ആഗ്രഹിക്കുന്ന ഒരു വിഭാഗത്തിന് അവരുടെ ആവശ്യങ്ങൾ സാധിക്കാനും പ്രശ്നങ്ങൾ പരിഹരിക്കാനും അധികാരത്തിലെത്തുന്ന ഒരു പാർട്ടിയുടെ മേലും സമ്മർദം ചെലുത്താൻ കഴിയുന്നില്ലെന്നത് ദുഃഖകരമാണ്.

മറ്റൊരു സംഗതി ഒന്നിലധികം മതേതര പാർട്ടികൾ മത്സരിക്കുന്ന മണ്ഡലത്തിൽ മുസ്‌ലിംകളുടെ അനൈക്യം മൂലം വോട്ടുകൾ ഭിന്നിച്ചുപോവുകയും ഫാഷിസ്റ്റ് കക്ഷികൾ വിജയിക്കുകയും ചെയ്യുന്നു. ഇടതു കക്ഷികളും കോൺഗ്രസ് നേതൃത്വത്തിലുള്ള മുന്നണിയും തമ്മിലുള്ള ബന്ധം കൂടുതൽ വഷളാക്കുന്നതിനാണ് ഇക്കഴിഞ്ഞ യു.പി.എ സർക്കാർ സാക്ഷ്യം വഹിച്ചത്.

## രാഷ്ട്രീയ ലക്ഷ്യം

മതേതരം എന്നവകാശപ്പെടുന്ന രാഷ്ട്രീയ പാർട്ടികൾക്ക് വരെ ജാതിയുടെയും മതത്തിന്റെയും അടിസ്ഥാനത്തിലുള്ള രാഷ്ട്രീയമുണ്ടെന്ന് മുസ്‌ലിം സമ്മതിദായകർ മനസ്സിലാക്കണം. അതിനാൽ രാഷ്ട്രീയ ലക്ഷ്യം മനസ്സിലാക്കി തങ്ങളുടെ മണ്ഡലത്തിൽ വോട്ടുകൾ ഏകീകരിക്കാൻ മുസ്‌ലിംകൾ ശ്രമിക്കണം. അല്ലെങ്കിൽ പാർട്ടികളുടെ ഇരകൾ മാത്രമായി മാറും മുസ്‌ലിംകൾ. ഇതിനുപുറമെ മുസ്‌ലിംവോട്ടുകൾ ഭിന്നിപ്പിക്കാൻ എതിരാളികൾ പിന്തുണക്കുന്ന മുസ്‌ലിം നാമധാരികളായ കപട വ്യക്തികളെയും തിരിച്ചറിയേണ്ടതുമുണ്ട്. മുസ്‌ലിം വോട്ടുകൾ കൂടുതലുള്ള മണ്ഡലങ്ങളിൽ സെക്യുലർ പാർട്ടികൾക്ക് പൊതുസമ്മത സ്ഥാനാർഥിയെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെങ്കിൽ സ്വീകാര്യനായ സ്ഥാനാർഥിയെ മുസ്‌ലിംകൾ കണ്ടെത്തണം. ദേശീയതലത്തിൽ പ്രധാന മുസ്‌ലിം സംഘടനകളായ ജമാഅത്തെ ഇസ്‌ലാമി, എ.ഐ.എം.എം.എം, എ.ഐ.എം.സി, ജെ.യു.എച്ച് തുടങ്ങിയ സംഘടനകൾ ഇക്കാര്യത്തിൽ മുൻകൈയെടുക്കണം.

മൂന്നാമതായി, ധാരാളം സ്ഥലങ്ങളിൽ ഉദാസീനത കൊണ്ടോ അജ്ഞതമൂലമോ വോട്ടർ പട്ടികയിൽ പേരു ചേർക്കാത്ത വോട്ടർമാരുണ്ട്. സ്ത്രീകളെയും കൂട്ടി തെരഞ്ഞെടുപ്പ് ബൂത്തിലേക്ക് പോകാനുള്ള പ്രയാസവും അവരെ സ്വാധീനിക്കുന്നുണ്ടാകും. ജനാധിപത്യ പ്രക്രിയയിൽ അവരുടെ വോട്ടിനുള്ള പ്രാധാന്യം ബോധ്യപ്പെടുത്തി അവരെയും തെരഞ്ഞെടുപ്പിൽ ഭാഗഭാക്കാവുക.

## മുസ്‌ലിംകൾ മതേതരത്വത്തിന്റെ പോരാളികൾ

മുസ്‌ലിംസമുദായം ഓരോ തെരഞ്ഞെടുപ്പിലും 'മതേതര' പാർട്ടികളുടെ വാക്കുകളിൽ വശീകരിക്കപ്പെടുന്നു. അപൂർവമായി ചില പാർട്ടികൾ നിർണായക സന്ദർഭങ്ങളിൽ സഹായിച്ചിട്ടുണ്ടെന്ന കാര്യം വിസ്മരിക്കുന്നില്ല. ഒരിക്കൽ പാർലമെന്റിലെത്തിയാൽ മുസ്‌ലിംകളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്താൻ മിക്ക 'സെക്യുലർ എം.പി'മാരും തുനിയാറില്ല. കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ പാർലമെന്റിൽ മേൽപറഞ്ഞ സംഗതികളിൽ മുസ്‌ലിം എം.പിമാർ പോലും ചോദ്യങ്ങൾ ഉയർത്തിയോ എന്നു മനസ്സിലാക്കാൻ സഭാരേഖകൾ സൂക്ഷ്മമായി പരിശോധിക്കേണ്ടിവരും. സച്ചാർ സമിതി നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ന്യൂനപക്ഷ ക്ഷേമത്തിനുള്ള എം.പിമാരുടെ പുതുക്കിയ വാർഷിക ബാലൻസ് ഷീറ്റ് പോലും എം.പിമാർ ചോദിച്ചിട്ടില്ല. 2007 മെയിൽ സമർപ്പിച്ച മത-ഭാഷാ ന്യൂനപക്ഷങ്ങൾക്കായുള്ള ജസ്റ്റിസ് രംഗനാഥ് മിശ്ര തലവനായുള്ള ദേശീയ സമിതി റിപ്പോർട്ട് സഭാ മേശപ്പുറത്ത് വെക്കണമെന്ന് ആവശ്യപ്പെടാൻ പോലും മുസ്‌ലിം എം.പിമാർക്കോ 'മതേതര' എം.പിമാർക്കോ കഴിഞ്ഞില്ലെന്നത് ഇവരുടെ ഉദാസീനതയുടെ ഉത്തമ സാക്ഷ്യമാണ്. ഒന്നിച്ചാവശ്യപ്പെട്ടിരുന്നെങ്കിൽ ഗവൺമെന്റിനെ കൊണ്ട് റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വെപ്പിക്കാനെങ്കിലും അവർക്ക് കഴിയുമായിരുന്നു. അന്താരാഷ്ട്ര നീതിന്യായ കോടതിയിൽ പോലും ചർച്ചയായ ഗുജറാത്ത് വംശഹത്യയുടെ അന്വേഷണ പുരോ

ഗതിയെ കുറിച്ച ചോദ്യം പോലും ആരും ഉന്നയിച്ചിട്ടില്ലയെന്നത് വേദനിപ്പിക്കുന്ന സത്യമാണ്.

### വർധിക്കുന്ന നിരാശ

മതേതര എം.പിമാരിൽനിന്നോ മുസ്‌ലിം നാമധാരികളായ എം.പിമാരിൽ നിന്നോ എന്തെങ്കിലും ഉപകാരം ഉണ്ടായിട്ടുണ്ടോ എന്ന് മുസ്‌ലിം സമ്മതിദായകർ ചോദിച്ചു തുടങ്ങിയിരിക്കുന്നു. ഈ നിരാശ മുസ്‌ലിംകളെ ജനാധിപത്യസംവിധാനങ്ങളിൽനിന്ന് അകറ്റിനിർത്താൻ മാത്രം വലുതാണ്. പൊതുതെരഞ്ഞെടുപ്പുകൾ അടുക്കുമ്പോൾ പ്രത്യേകിച്ചും മുസ്‌ലിംകൾ ഭൂരിപക്ഷമുള്ള സംസ്ഥാനങ്ങളായ യു.പി, ബീഹാർ, വെസ്റ്റ് ബംഗാൾ, ആസ്സാം, ആന്ധ്രപ്രദേശ്, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ സ്ഥിരമായി മുസ്‌ലിം പാർട്ടി രൂപീകരണത്തെ കുറിച്ച ചർച്ച ഉയർന്നുവരാറുണ്ട്. കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പിൽ പന്ത്രണ്ടോളം പാർട്ടികളാണ് യു.പി യിൽ രംഗത്തുണ്ടായിരുന്നത്. അവയെല്ലാം മുസ്‌ലിം ഐക്യത്തെക്കുറിച്ച് സംസാരിക്കുകയും അതേ സമയം ഭിന്നിച്ചുനിൽക്കുകയും ചെയ്തു. തെരഞ്ഞെടുപ്പിൽ ഒരു പാർട്ടി ക്രിയാത്മക ഫലം ഉദ്ദേശിക്കുന്നുണ്ടെങ്കിൽ കുറഞ്ഞത് അഞ്ചു വർഷമെങ്കിലും വേണ്ടി വരും പക്വത കൈവരാൻ. ഇതൊക്കെ മുൻകൂട്ടി കണ്ടുവേണം പാർട്ടികൾ പ്രവർത്തനം തുടങ്ങാൻ. അതിനാൽ തെരഞ്ഞെടുപ്പ് കാലത്ത് പൊട്ടിമുളക്കുന്ന പാർട്ടികൾ സോദ്ദേശ്യപരമല്ലെന്ന് മനസ്സിലാക്കേണ്ടതുണ്ട്. ഒന്നോ രണ്ടോ സീറ്റുകൾ ലഭിക്കാറുള്ള കേരളത്തിലെ മുസ്‌ലിം ലീഗോ ആന്ധ്രയിലെ എ.ഐ.എം.ഐ.എമ്മോ പാർലമെന്റിൽ എത്തുമ്പോൾ അധികാരത്തിലിരിക്കുന്ന പാർട്ടികളുമായി കൈകോർക്കുകയും മുസ്‌ലിംകളുടെ ആവശ്യങ്ങൾ തുറന്ന് പറയാൻ ധൈര്യപ്പെടാതിരിക്കുകയും ചെയ്യുന്ന കാഴ്ചയാണ് കണ്ടുകൊണ്ടിരിക്കുന്നത്. സമുദായത്തിനാവശ്യം തങ്ങളുടെ രാഷ്ട്രീയ ദല്ലാളുകൾക്ക് മുമ്പിൽ മുട്ടുമടക്കാത്ത പ്രതിനിധികളെയാണ്. മുസ്‌ലിംകൾ ഭൂരിപക്ഷമുള്ള മണ്ഡലങ്ങൾ രാഷ്ട്രീയ മുതലെടുപ്പുകളുടെ കളിക്കളങ്ങൾ മാത്രമായി പരിണമിച്ചിരിക്കുന്നു. പഴയമുഖങ്ങൾ പുതിയ ലേബലുകളിൽ പുറത്തുവരുന്നു. തെരഞ്ഞെടുപ്പ് കഴിയുമ്പോൾ അവർ വീണ്ടും മൗനത്തിലേക്ക്. പ്രധാന രാഷ്ട്രീയ പാർട്ടികളെക്കൊണ്ട് മുസ്‌ലിം കൂട്ടായ്മകളെ പിന്തുണപ്പിക്കുന്നതിൽ നാം പരാജയപ്പെടുകയും അവർക്ക് വിജയിക്കാൻ അവസരമൊരുക്കിക്കൊടുക്കുകയും ചെയ്യുന്നു.



**ഒന്നോ രണ്ടോ സീറ്റുകൾ ലഭിക്കാറുള്ള കേരളത്തിലെ മുസ്‌ലിം ലീഗോ ആന്ധ്രയിലെ എ.ഐ.എം.ഐ.എമ്മോ പാർലമെന്റിൽ എത്തുമ്പോൾ അധികാരത്തിലിരിക്കുന്ന പാർട്ടികളുമായി കൈകോർക്കുകയും മുസ്‌ലിംകളുടെ ആവശ്യങ്ങൾ തുറന്ന് പറയാൻ ധൈര്യപ്പെടാതിരിക്കുകയും ചെയ്യുന്ന കാഴ്ചയാണ് കണ്ടുകൊണ്ടിരിക്കുന്നത്. സമുദായത്തിനാവശ്യം തങ്ങളുടെ രാഷ്ട്രീയ ദല്ലാളുകൾക്ക് മുമ്പിൽ മുട്ടുമടക്കാത്ത പ്രതിനിധികളെയാണ്. മുസ്‌ലിംകൾ ഭൂരിപക്ഷമുള്ള മണ്ഡലങ്ങൾ രാഷ്ട്രീയ മുതലെടുപ്പുകളുടെ കളിക്കളങ്ങൾ മാത്രമായി പരിണമിച്ചിരിക്കുന്നു.**

### മുസ്‌ലിം-ദലിത് കൂട്ടായ്മ

മുസ്‌ലിംകൾ, അടിച്ചമർത്തപ്പെടുന്ന ദലിതുകൾ, ആദിവാസികൾ എന്നിവർ ഉൾപ്പെടെയുള്ള സമൂഹങ്ങളെ കൂടെനിർത്തി മുന്നണി രൂപീകരിക്കണമെന്നതാണ് ആവർത്തിച്ചുകാണാറുള്ള മറ്റൊരു പ്രധാന വാദം. പ്രധാന പാർട്ടികളെല്ലാം ദലിത് വോട്ടുകൾ നഷ്ടപ്പെടാതിരിക്കാനുള്ള തന്ത്രങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന കാര്യം ഈ വാദക്കാർ സൗകര്യപൂർവം വിസ്മരിക്കുന്നു. ദലിതുകളിൽ നിന്നുള്ള ഒന്നോ രണ്ടോ നേതാക്കളെ കൂടെ നിർത്താൻ എപ്പോഴും പ്രധാന പാർട്ടികൾക്ക് സാധിക്കാറുണ്ട്. രണ്ടാമതായി, ഇവരെ പ്രതിനിധീകരിച്ച് വ്യവസ്ഥാപിത പാർട്ടികൾ നിലവിലുണ്ട്- യു.പിയിൽ ബി.എസ്.പി, ബീഹാറിൽ എൽ.ജെ.പി, മഹാരാഷ്ട്രയിൽ റിപ്പബ്ലിക്കൻ പാർട്ടി, ജാർഖണ്ഡിൽ ജെ.എം.എം. അതിനാൽ മുസ്‌ലിം നേതാക്കളുടെ മുന്നണി രൂപീകരണക്ഷണം ദലിത് പാർട്ടികൾ സ്വീകരിക്കാറില്ല. മുസ്‌ലിംകൾക്കിടയിൽ തന്നെ ശക്തമായ സംവിധാനം രൂപീകരിച്ച് പ്രസിദ്ധിയും അംഗീകാരവും നേടിയെടുത്താൽ മാത്രമേ മറ്റു പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ ആകർഷിക്കാനാവൂ എന്ന ഇലക്ഷൻ പ്രക്രിയയിലെ പ്രാഥമിക തത്ത്വം മുസ്‌ലിം നേതാക്കൾ ഉൾക്കൊള്ളണം.

ദേശീയ പ്രശ്നങ്ങളിൽ മുസ്‌ലിം ജനസമൂഹം പ്രതികരിക്കാറില്ലെന്നത് വസ്തുതയാണ്. അതേസമയം മുസ്‌ലിംകൾക്കെതിരെയുള്ള അപവാദ പ്രചാരണങ്ങളോടും അന്തർദേശീയ ഇസ്‌ലാമിക സമൂഹത്തിന് നേരെയുള്ള അതിക്രമങ്ങളോടും വൈകാരികമായി തന്നെ പ്രതികരിക്കുകയും ചെയ്യുന്നു.

മതേതര പാർട്ടികളെക്കുറിച്ച സങ്കൽപ്പങ്ങൾ തകർന്നതിനാൽ, മുസ്‌ലിം ബൗദ്ധിക നേതൃത്വത്തിലുള്ള ചിലർ എന്തുകൊണ്ട് ബി.ജെ.പിയെ പിന്തുണച്ചുകൂടാ എന്ന് ചോദിക്കുന്നു. മുസ്‌ലിംകൾക്ക് നേരെയുള്ള ബി.ജെ.പിയുടെ അവഗണനക്കും ശത്രുതക്കും ശക്തമായ ആശയാടിത്തറയുടെ പിന്തുണയുണ്ടെന്ന കാര്യം എന്തുകൊണ്ടാണിവർ വിസ്മരിക്കുന്നത്? മതേതര-ജനാധിപത്യ വിരുദ്ധ ഫാഷിസ്റ്റ് സംഘടനകൾ താഴ്ന്ന ജാതിയിലുള്ളവരെ പരിഗണിക്കാറില്ല; അപ്പോൾ ന്യൂനപക്ഷങ്ങളെപ്പറ്റി പറയേണ്ടതില്ലല്ലോ. കാരണം ഉയർന്ന ജാതിയിലുള്ള ബ്രാഹ്മണരെ അധികാരത്തിലിരുത്തി ഇന്ത്യയെ ഒരു ഹിന്ദു രാജ്യമാക്കുകയാണിവരുടെ ലക്ഷ്യം. ബി.ജെ.പി യുടെ ഭൂതവും വർത്തമാനവും ഇതിന് തെളിവാണ്. അവസാനം മറ്റൊരു വഴിയുമില്ലാതെ കോൺഗ്രസിനെയും മുന്നണിയിലുള്ളവരെയും പിന്തുണക്കാൻ നാം തയാറാകുന്നു, അല്ലെങ്കിൽ കോൺഗ്രസിനും ബി.ജെ.പിക്കും ബദലായി മൂന്നാം മുന്നണിയുണ്ടാക്കാൻ ശ്രമിക്കുന്ന ഇടതിനെ. പക്ഷേ ഇടതുപക്ഷം ബംഗാളിലും കേരളത്തിലുമായി ഒതുക്കപ്പെട്ടിരിക്കുന്നു. അതുപോലെ സച്ചാർ സമിതി റിപ്പോർട്ട് പ്രകാരം 28 ശതമാനം മുസ്‌ലിംകളുള്ള ബംഗാളാണ് രാജ്യത്തെ മുസ്‌ലിം പിന്നാക്ക സംസ്ഥാനം. ആന്ധ്രയിൽ ടി.ഡി.പിയുമായുള്ള ബന്ധം, തമിഴ്നാട്ടിൽ എ.ഐ.എ.ഡി.എം.കെയുമായുള്ള ബന്ധം, ജനതാദൾ വിഭജിച്ചുണ്ടായ കക്ഷികളുമായി വിവിധ സംസ്ഥാനങ്ങളിലെ ബന്ധം തുടങ്ങിയ അനുഭവങ്ങളും നമുക്കുണ്ട്. ചുരുക്കത്തിൽ മുസ്‌ലിംകൾ മതേതര രാഷ്ട്രീയത്തെ അകമഴിഞ്ഞ് പിന്തുണക്കുന്നു. ബി.ജെ.പിയും മതേതര കക്ഷികളും തമ്മിൽ നേരിട്ടുള്ള മത്സര സന്ദർഭത്തിലല്ലാതെ മതേതര ലേബലുള്ളതുകൊണ്ടു മാത്രം ഈ

പാർട്ടികളെ പിന്തുണക്കേണ്ടതില്ലെന്നാണ് എന്റെ അഭിപ്രായം.

കാലാകാലങ്ങളായി അവഗണനക്ക് പാത്രമാവുന്ന ന്യൂനപക്ഷങ്ങൾ യാഥാർഥ്യങ്ങളിലേക്ക് മടങ്ങിവരേണ്ടതുണ്ട്. നീതി നിർവഹിക്കുന്നതിലും സഖ്യത്തിന്റെ പ്രാഥമിക അജണ്ടയായി പ്രഖ്യാപിച്ച കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിലും യു.പി.എ അമ്പേ പരാജയപ്പെട്ടിരിക്കുന്നു. സച്ചാർ സമിതി റിപ്പോർട്ട് സ്കോളർഷിപ്പുകളിൽ പരിമിതപ്പെടുത്തുകയായിരുന്നു യു.പി.എ സർക്കാർ. മറ്റു പാർട്ടികളെപ്പോലെ ഇലക്ഷൻ അടുക്കുമ്പോൾ എന്തെങ്കിലും ചെയ്താൽ മതിയെന്ന തെറ്റായ നയം യു.പി.എ പിന്തുടരുകയാണ്. പത്ത് ശതമാനം സംവരണം മുസ്‌ലിംകൾക്കനുവദിക്കുന്ന ജസ്റ്റിസ് മിശ്ര കമീഷൻ നിർദേശം കുറച്ച് മുസ്‌ലിം വോട്ടുകൾ നേടിത്തരുമെങ്കിലും വിഷം ചീറ്റുന്ന ഹിന്ദു വർഗീയ സംഘടനകളുടെ പ്രചാരണങ്ങളിൽ പെട്ട് ധാരാളം ഹിന്ദു വോട്ടുകൾ നഷ്ടപ്പെടുന്നതിന് കാരണമാകും. ന്യൂനപക്ഷങ്ങളുടെ കാഴ്ചപ്പാടിലൂടെ നോക്കിയാൽ ശക്തമായ സർക്കാർ നമ്മുടെ സംവിധാനത്തിൽ ഒരനുഗ്രഹമല്ല, സമൂഹത്തിൽ നിന്ന് മാറ്റിനിർത്തപെട്ട ചൂഷണത്തിനിരയായി അടിച്ചമർത്തപെട്ട ജനങ്ങളോട് ഉറച്ച ഗവൺമെന്റുകൾ ഉദാസീനമായേ പെരുമാറൂ. രാഷ്ട്രീയ ചൂതുകളിയിൽ എപ്പോൾ വേണമെങ്കിലും നിലംപതിക്കാവുന്ന ഗവൺമെന്റുകളാണ് തങ്ങളോട് ചേർന്നു നിൽക്കാൻ ന്യുനപക്ഷങ്ങൾക്കും മറ്റു അവശ വിഭാഗങ്ങൾക്കും ആനുകൂല്യങ്ങൾ പ്രദാനം ചെയ്യുക.

## മതേതര പാർട്ടികൾക്കൊരു ലിറ്റ്മസ് ടെസ്റ്റ്

സച്ചാർ സമിതി റിപ്പോർട്ട് പ്രകാരം മുസ്‌ലിംകളെ എസ്.സി, എസ്.ടി വിഭാഗങ്ങളെപ്പോലെ പിന്നാക്കക്കാരായി പരിഗണിക്കുന്ന പാർട്ടിക്കാണ് ഒന്നിലധികം മതേതര പാർട്ടികൾ മത്സരരംഗത്തുണ്ടെങ്കിൽ മുസ്‌ലിം സമ്മതിദായകർ വോട്ടു ചെയ്യേണ്ടത്. കാരണം അമുസ്‌ലിം ഒ.ബി.സിയുമായി താരതമ്യം ചെയ്യുമ്പോൾ മുസ്‌ലിംകളുടെ അവസ്ഥ പരിതാപകരമാണ് . മിശ്ര കമീഷൻ റിപ്പോർട്ട് പ്രകാരം 15 ശതമാനം സംവരണം പിന്നാക്ക വിഭാഗങ്ങൾക്ക് അനുവദിക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസം, സാമൂഹിക ആനുകൂല്യങ്ങൾ, വിഭവവിതരണം എന്നിവയിൽ 10 ശതമാനം പൂർണ സംവരണവും ബാക്കിയുള്ള അഞ്ചു ശതമാനത്തിൽ വിനിയോഗിക്കപ്പെടാത്തതും മിശ്ര കമീഷൻ മുസ്‌ലിംകൾക്ക് നീക്കിവെക്കുന്നു.

സമ്മർദ ശക്തിയുപയോഗിച്ച് നടപ്പിൽ വരുത്താൻ പറ്റിയ അവസ്ഥയിലല്ല ഇന്ത്യൻ മുസ്‌ലിംകളെങ്കിലും സംവരണമില്ലെങ്കിൽ സമഗ്രവികസനവും സാമൂഹിക അധികാര പങ്കാളിത്തവും അസാധ്യമാണെന്ന സന്ദേശമെങ്കിലും നൽകാൻ മുസ്‌ലിംകൾക്ക് സാധിക്കണം. ഭരണഘടനാ ബാധ്യതയെന്നതിലുപരി ദേശീയ പരിപാടിയെന്ന നിലയിൽ ഇക്കാര്യങ്ങൾ വിലയിരുത്തപ്പെടണം. വോട്ടനുപാതത്തിനനുസരിച്ച് മണ്ഡലം, യോഗ്യത എന്നിവ ഗൗരവപൂർവം പരിശോധിച്ച് മുസ്‌ലിംകൾ സ്ഥാനാർഥികളെ നിശ്ചയിക്കുക, ഇവരെ പിന്തുണക്കൽ മുസ്‌ലിം വോട്ട് ആവശ്യമുള്ള മതേതര പാർട്ടികൾക്കുള്ള ലിറ്റ്മസ് ടെസ്റ്റായി നൽകുക, അപകർഷതാബോധത്തിന്റെ പഴയ ഏടുകൾ ചരിത്രഭാഗമാവട്ടെ.

## പരാജയപ്പെട്ട രാഷ്ട്രീയം

തെരഞ്ഞെടുപ്പടുക്കുമ്പോൾ നിവേദനങ്ങളും ആവശ്യങ്ങളുമായി മുസ്‌ലിം നേതാക്കൾ രാഷ്ട്രീയ പാർട്ടികളെയും ഗവൺമെന്റിനെയും സമീപിക്കാറുണ്ട്. എന്നാൽ 60 വർഷമായി അവഗണന മാത്രമാണ് അവർക്ക് ലഭിച്ചത്. രാഷ്ട്രീയ പാർട്ടികൾ മുസ്‌ലിംകളുടെ പ്രശ്നങ്ങളെകുറിച്ച് പഠിക്കാനോ നടപടികൾ എടുക്കാനോ തയാറല്ല . തെരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ മുസ്‌ലിംകൾക്ക് നിരവധി വാഗ്ദാനങ്ങൾ നൽകുന്ന പാർട്ടികൾപോലും ശേഷം അവരെ കൈവെടിയുകയാണ് പതിവ് .

സോണിയാ ഗാന്ധിയും മൻമോഹൻ സിംഗും മതേതര പ്രതിഛായയുമുള്ളവരാണ്. എന്നാൽ അവർക്കും പ്രകടന പത്രികയിലൂടെയും പ്രസംഗങ്ങളിലൂടെയും നൽകുന്ന വാഗ്ദാനങ്ങൾ പാലിക്കാൻ കഴിയാറില്ല. കാരണം ജനാധിപത്യം കണക്കുകളുടെയും വേർതിരിക്കപെട്ട സമൂഹങ്ങളുടെയും ആകെ തുകയാണ്. അവിടെ ന്യൂനപക്ഷം ഒരിക്കലും ഭൂരിപക്ഷത്തിന് തുല്യമാകാറില്ല. വോട്ട് ലഭിക്കാനുള്ള ഉപകരണം മാത്രമായി മതേതരത്വം മാറുന്നു. അദ്വാനിപോലും ഞാനൊരു മതേതരനാണന്നും എല്ലാവർക്കും നീതി ലഭ്യമാക്കലാണ് തന്റെ ലക്ഷ്യമെന്നും വിളിച്ചു പറയുന്നു. അതേസമയം തന്നെ മുസ്‌ലിംകൾക്കനുകൂലമായ ചെറുചലനംപോലും പ്രീണനമാണെന്ന് ആരോപിക്കുന്നു.

ഒറ്റക്ക് നിൽക്കുമ്പോൾ വോട്ടർ മുസ്‌ലിംമാവട്ടെ മറ്റാരെങ്കിലുമാകട്ടെ രാഷ്ട്രീയ പാർട്ടികൾ അവകാശപ്പെടുന്നത് പോലെ ജനാധിപത്യ സംവിധാനത്തിന്റെ അവിഭാജ്യഘടകവും ചക്രവർത്തിയുമൊന്നുമല്ല. തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ അടുത്ത അഞ്ചു വർഷത്തേക്ക് വികസന ചിത്രത്തിൽനിന്നവൻ പുറത്ത്. അതേസമയം അധികാരത്തിലുള്ള പാർട്ടി, സാധാരണക്കാർക്കു വേണ്ടിയാണ് തങ്ങൾ നിലകൊള്ളുന്നതെന്ന് ആവർത്തിച്ച് പ്രഖ്യാപിക്കുകയും ചെയ്യുന്നു. മണ്ഡലംതോറുമുള്ള എല്ലാ മുസ്‌ലിം വോട്ടർമാരും സംവരണം ആവശ്യപ്പെട്ട് ആർജവത്തോടെ ഉറക്കെ സംസാരിക്കേണ്ട സമയമാണിത്. യാതൊരു തരത്തിലുള്ള സന്ദിഗ്ധതയും അവനെ ബാധിക്കേണ്ടതില്ല. നമുക്കിപ്പോൾ ഒന്നേ ആവശ്യപ്പെടാനുള്ളൂ; സംവരണം. സമത്വം, ക്ഷേമം, നീതി തുടങ്ങിയവയുടെ താക്കോലാണിത്. പോലീസുകാരോ ഭരണാധികാരികളോ മുസ്‌ലിംകളെ ഉപദ്രവിക്കുന്നതും അവഗണിക്കുന്നതും ഒരു പരിധി വരെ ചെറുക്കാൻ ഇതുമൂലം സാധിക്കും. എസ്.സി, എസ്.ടിക്കാർ ഇപ്പോൾ ക്രമാനുഗതമായി നേടിയെടുക്കുന്നതു പോലെ.

ഇന്ത്യൻ സമൂഹം വേർതിരിക്കപ്പെട്ട ജനതയാണ്. ഓരോ വിഭാഗവും അധികാരത്തിലെത്തിയാൽ തങ്ങളുടെ ക്ഷേമം മാത്രം പരിഗണിക്കുകയും അപരരെ അവഗണിക്കുകയും ചെയ്യുന്നു. ഇതര സമൂഹങ്ങൾ ഇതിനെ ചെറുക്കുന്നതിൽ ഒരു പരിധിവരെ വിജയിച്ചിട്ടുണ്ട്. മുസ്‌ലികളും ഉണർന്നെഴുന്നേറ്റ് രാജ്യവ്യാപകമായി സംവരണത്തെക്കുറിച്ച് പൊതുജനാഭിപ്രായം രൂപീകരിക്കാനുള്ള മാർഗങ്ങൾ ആവിഷ്കരിക്കണം. റാലികളും ധർണകളും ഉൾപ്പെടെയുള്ള സകല ജനാധിപത്യ മാർഗങ്ങളും ഇതിനായി സ്വീകരിക്കണം.

വോട്ടർപട്ടികയിലെ 20% വരുന്ന യുവജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. അതിനാൽ ഭരണഘടന അനുവദിച്ച രാഷ്ട്രീയ, സാമൂഹിക അവകാശങ്ങൾ നേടിയെടുക്കാനുള്ള പോരാട്ടത്തിൽ തങ്ങളുടെ മുഴുവൻ ശക്തിയുമുപയോഗിച്ച് യുവാക്കൾ പങ്കെടുക്കുക. വിദ്യാഭ്യാസവും അതിനുവേണ്ട വിഭവങ്ങളും നേടിയെടുക്കാൻ പോരാട്ടങ്ങളവരെ സഹായിക്കും.

മുസ്‌ലിംകൾ വെറും കടലാസു പുലികളോ കുരക്കുക മാത്രം ചെയ്യുന്ന പട്ടികളോ അല്ലെന്ന് തെളിയിക്കേണ്ടതുണ്ട്. ഐക്യവും ത്യാഗവും കൂടാതെ യാതൊരു രാഷ്ട്രീയ മുന്നേറ്റവും നേടാനാവില്ലെന്ന് ഓർക്കുക. ■

**വിവ: ഉബൈദ്**